23287
20/11/19

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസനം - സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി / എസ്.റ്റി. വിഭാഗം വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസാനുകൂല്യമായി നൽകി വരുന്ന പുതുക്കിയ നിരക്കിലുള്ള യഥാർത്ഥ താമസ ഭക്ഷണ ചെലവ് മറ്റർഹ വിഭാഗം (ഒ.ഇ.സി) വിദ്യാർത്ഥികൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.121/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 11.11.2019.

===

പരാമർശം:- 1. സ.ഉ.(സാധാ)നം.135/2019/പജ.പവ.വിവ., തീയതി 04.02.2019.
2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 25.10.2019 -ലെ BCDIR/B2/441/2019 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള യഥാർത്ഥ ബോർഡിംഗ് & ലോഡ്ജിംഗ് ചെലവ് (ABLC) പ്രതിമാസം 3500/- രൂപയിൽ നിന്നും 4,500/- രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2. എന്നാൽ ഈ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ചില സന്ദർഭങ്ങളിൽ മറ്റർഹ വിഭാഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവ് മറ്റർഹ വിഭാഗ വിദ്യാർത്ഥികൾക്ക് കൂടി ലഭിക്കുന്നതിന് നടപടി ആവശ്യമാണെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ പരാമർശം 2 കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി / എസ്.റ്റി. വിഭാഗം വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസാനുകൂല്യമായി നൽകി വരുന്ന പുതുക്കിയ നിരക്കിലുള്ള 4,500/- രൂപ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മറ്റർഹ വിഭാഗം (ഒ.ഇ.സി) വിദ്യാർത്ഥികൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് :- പിന്നാക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്